ജെ.ഡി.സി. പരീക്ഷയുടെ റിസൾട്ട്

179 (963)ശ്രീ. വി.ജെ. പൗലോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യുച്ഛക്തിയും സഹകരണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സഹകരണ യൂണിയൻ നടത്തുന്ന ജൂനിയർ ഡിപ്ലോമ ഇൻ-കോ-ഓപ്പറേഷൻ (ജെ.ഡി.സി.) പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിക്കുവാൻ കാലതാമസം ഉണ്ടാകുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 1500-ൽ താഴെമാത്രം പരിശീലകർ പരീക്ഷയെഴുതുന്ന ഈ 10 മാസ കോഴ്സിന്റെ 1999 മേയ് മാസത്തിൽ നടത്തിയ പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിക്കുവാൻ നവംബർ അവസാനം വരെ നീണ്ടുപോയത് എന്തുകൊണ്ടാണെന്ന് വിശദീകരിക്കുമോ;

(സി) പരീക്ഷയുടെ റിസൾട്ട് പ്രസിദ്ധീകരിക്കുന്നതിനുവേണ്ടി വാല്യുവേഷൻ നടത്തുവാൻ വേണ്ട നടപടി സ്വീകരിക്കാതിരുന്നതിന്റെ കാരണം വ്യക്തമാക്കുമോ; ജെ.ഡി.സി. കോഴ്സുമായോ പഠനവുമായോ ബന്ധമില്ലാത്തവരെ വാല്യുവേഷൻ നടത്തുന്നതിനും ചോദ്യക്കടലാസ് തയ്യാറാക്കുന്നതിനും ചുമതലപ്പെടുത്തുന്നതിനെക്കുറിച്ച് അന്വേഷിച്ച് പരിഹാരം കാണുമോ;

(ഡി) സഹകരണസംഘം ജീവനക്കാർ, ഡിപ്പാർട്ടുമെന്റ് ജീവനക്കാർ ഉൾപ്പെടെ നിരവധിപേർ പ്രൊമോഷനുവേണ്ടി ആശ്രയിക്കുന്ന ഈ കോഴ്സിന്റെ റിസൾട്ട് ഇത്തവണ മുതലെങ്കിലും കാലതാമസം കൂടാതെ പ്രസിദ്ധീകരിക്കുവാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ചില പരാതികൾ ലഭിച്ചിട്ടുണ്ട്.

(ബി) സംസ്ഥാന സഹകരണ യൂണിയൻ പാലിച്ചുവരുന്ന നടപടിക്രമങ്ങൾ മൂലമാണ് ഇത്രയും സമയം വേണ്ടിവരുന്നത്.

(സി) സെൻട്രൽ ബോർഡ് ഓഫ് എക്സാമിനേഷന് അംഗീകരിച്ചു നൽകുന്ന യോഗ്യതയുള്ളവരുടെ പട്ടികയിൽനിന്നും മാത്രമേ വാല്യുവറും ചോദ്യപേപ്പർ തയ്യാറാക്കുന്നതിനും ആൾക്കാരെ നിയോഗിക്കാറുള്ളൂ.

(ഡി) സമയബന്ധിതമായി നയപ്രഖ്യാപനം നടത്താനുള്ള നടപടികൾ സംസ്ഥാന സഹകരണ യൂണിയൻ സ്വീകരിച്ചിട്ടുണ്ട്.

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

LIBRARY ARCHIVES Kerala Legislative Assembly